സീറോ മലബാർ സഭയുടെ മേജർ ആർച്ച ബിഷപ്പ്, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സിനഡ് സെക്രട്ടറി മാർ ആന്റണി കരിയിൽ, കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ കൂടാതെ സീറോ മലബാർ സഭയുടെ എല്ലാ മെത്രാന്മാർക്കും മുൻപാകെ സമർപ്പിക്കുന്ന പരാതി.

**"നമ്മുടെ കർത്താവ് ഈശോ മ്ശീഹയ്ക്ക് സ്തുതിയായിരിക്കട്ടെ"**

ഈശോയിൽ സ്നേഹം നിറഞ്ഞ അഭിവന്ദ്യ പിതാക്കന്മാരെ,

കഴിഞ്ഞ ഒരു വർഷമായി പൊതു സമൂഹത്തിലും സഭയ്ക്കുള്ളിലും ദൃശ്യമാധ്യമ രംഗത്തും സഭയ്ക്ക് ദുഷ്പ്പേര് സമ്പാദിച്ചുതരികയും അൽമായരും വൈദീകരും സന്യസ്തരുമായ വിശ്വാസികൾക്ക് വലിയ ഉതപ്പിനു കാരണമാവുകയും ചെയ്ത സംഭവവികാസങ്ങൾക്ക് ഈ വൈകിയ വേളയിലെങ്കിലും ശക്തവും യുക്തവുമായ നടപടികൾ അനിവാര്യമാണ് എന്ന ബോധ്യത്തിൽ നിന്നുമാണ് ഈ പരാതി സീറോ മലബാർ സഭയുടെ സിനഡ് മുൻപാകെ ബോധിപ്പിക്കുന്നത്.

സഭയുടെ ശ്രേഷ്ഠ മെത്രാപൊലീത്തയായിരിക്കുന്ന മാർ ആലഞ്ചേരി പിതാവിനെ സ്ഥാനഭ്രഷ്ടനാക്കുകയും എറണാകുളം-അങ്കമാലി അതിരൂപതയുടെ അധികാരം കൈയടക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യങ്ങളോടെ ഒരു വിമത വിഭാഗം രൂപതയിൽ ഉയർന്നുവരികയും സഭയെ പൊതുജനത്തിൽ താറടിച്ചുകാണിക്കുവാൻ മാത്രം അധപ്പിക്കുകയും ചെയ്തു. ഈ വിമതവിഭാഗത്തിനു പരസ്യമായും പരോക്ഷമായും നേതൃത്വം നൽകുവാൻ മെത്രാന്മാരും സന്യസ്തരും പുരോഹിതരും അൽമായരും ഉണ്ടായിരുന്നു/ഉണ്ട് എന്നതാണ് ഏറ്റവും ദൌർഭാഗ്യകരമായ സത്യം. എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വിമതവിഭാഗത്തിനു നേതൃത്വം നല്കിയതും അതിനായി പ്രസ്തുത മെത്രാനുൾപ്പെടെ എറണാകുളത്തെ ഫാ.അഗസ്റ്റിൻ വട്ടോളി, ഫാ.ജോസ് വയലിക്കോടത്ത്, ഫാ.കുരിയാക്കോസ് മുണ്ടാടൻ, ഫാ.ബെന്നി മാരാമ്പറിൽ, ഫാ.ജോസഫ് പാറേക്കാട്ടിൽ, ഫാ.പോൾ തേലെക്കാട്ട് എന്നിവർ പരസ്യമായി കത്തോലിക്ക തിരുസഭയുടെ കാനോൻ നിയമങ്ങൾ ലംഘിക്കുകയും ദൃശ്യമാധ്യമങ്ങളിലൂടെ വാസ്തവ വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് സീറോ മലബാർ സഭയെ അപമാന വിധേയയാക്കിയതും സഭയിലെ ബഹുഭൂരിപക്ഷം വിശ്വാസികൾക്കും ബോധ്യമുള്ളതാണ്.

ഭൂമിയിടപാടിൽ അനുമതി നൽകി ഒപ്പിട്ടു നൽകിയ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മെത്രാൻ സഭാധ്യക്ഷനെതിരെ അനുവാദമില്ലാതെ ഇടയലേഖനം ഇറക്കി വിശ്വാസികളെ സഭാതലവന് എതിരായി തിരിക്കുവാനുള്ള ശ്രമവും നടത്തി. അതുകൂടാതെ അദ്ദേഹം സഭാ തലവനു എതിരായി പ്രവർത്തിക്കുവാൻ വൈദീകരെ ആഹ്വാനം ചെയ്യുന്ന ശബ്ദരേഖയും വിവിധ മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. സഭയെ ഒന്നടങ്കം സമൂഹത്തിൽ നാണംകെടുത്തുന്ന ജാഥയും വിമത വൈദീകർ നടത്തുകയുണ്ടായി. ഈ ജാഥയ്ക്ക് ശേഷം അന്നത്തെ വൈദീക സമിതി സെക്രട്ടറി ആയിരുന്ന ഫാ.കുരിയാക്കോസ് മുണ്ടാടൻ മാധ്യമങ്ങളെ കണ്ട് സഭാതലവനെതിരെ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു. ഇതുകൂടാതെ മലയാറ്റൂർ പള്ളിയിൽ സംഭവിച്ച അതിദാരുണമായ സംഭവം മാർ ആലഞ്ചേരി പിതാവിൻറെ ചെയ്തിയായിരുന്നു എന്നു ആരോപിക്കുകയും ചെയ്തിരുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിലെ നിരവധി വൈദീകരും അൽമായരും ചാനൽ ചർച്ചയിൽ പങ്കെടുക്കുകയും സഭയെയും സഭാ തലവനെയും പരസ്യമായി അധിക്ഷേപിക്കുകയും ചെയ്തു. ഇപ്രകാരം പരസ്യമായും പരോക്ഷമായും സഭയുടെ കാനോൻ നിയമങ്ങൾ വിമത വിഭാഗത്തിലെ അൽമായരും വൈദീകരും മെത്രാന്മാരും തെറ്റിക്കുകയുണ്ടായി.

എന്നാൽ ഈ വ്യക്തികൾക്കെതിരെ സീറോ മലബാർ സഭയുടെ പരിശുദ്ധ സിനഡ് കാനോനികമായ നടപടികൾ തക്കസമയത്തു സ്വീകരിക്കാത്തതുകൊണ്ടും കൈക്കൊണ്ട നടപടികളിലെ ന്യൂനതകൾകൊണ്ടും വിമത വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ സഭാ ഭരണവും കടന്നു ഗൌരവമേറിയ വിശ്വാസ വിരുദ്ധ ആശയങ്ങളിലേക്ക് വളർന്നു പന്തലിക്കുകയാണ് എന്ന ഗൌരവതരമായ സംഗതി അഭിവന്ദ്യ മെത്രാന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു.

**വിമത വിഭാഗത്തിൻറെ ആശയപ്രചാരണത്തിനു ഉപയോഗിക്കുന്ന സത്യദീപം വാരികയും, സത്യദീപത്തിലെ പാഷണ്ഡതകളും വേദവിപരീതങ്ങളും.**

**1, മ്ശിഹയുടെ നിത്യ പൌരോഹിത്യം നിഷേധിച്ചു, കുരിശുമരണം ബലിയല്ല എന്ന് പ്രസ്താവിച്ചു, ശുശ്രൂഷാപൌരോഹിത്യത്തെ നിഷേധിച്ചു.**

സഭയ്ക്കെതിരെ അക്രമങ്ങൾ നയിക്കുന്ന വിമതർക്ക് സത്യദീപം വാരികയുമായുള്ള ബന്ധം ഏവർക്കും അറിയുന്നതാണ്. വിമത വിഭാഗത്തിൻറെ ആശയങ്ങൾ പൊതുജനങ്ങളുമായി സംവദിക്കുന്നത് പ്രസ്തുത വാരിക വഴിയാണ്. 2018 സെപ്തംബർ മാസം പ്രസിദ്ധീകരിച്ച സത്യദീപത്തിൽ, എറണാകുളം-അങ്കമാലി മതബോധന ഡയറക്റ്റർ ആയി സേവനം ചെയ്യുന്ന ഫാ.ജോയിസ് കൈതക്കോട്ടിൽ "പ്രവാചകൻ

എങ്ങനെ പുരോഹിതനായി?" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ കത്തോലിക്ക തിരുസഭയുടെ അടിസ്ഥാന വിശ്വാസങ്ങളെയും വിശുദ്ധ ഗ്രന്ഥത്തിൻറെ ദൈവനിവേശികതയേയുമാണ് ചോദ്യം ചെയ്തിട്ടുള്ളത്.

സുവിശേഷത്തിൽ ഒരിടത്തും ഈശോ മ്ശീഹയുടെ പൌരോഹിത്യത്തെ കുറിച്ച് പറഞ്ഞിട്ടില്ല എന്നും മ്ശീഹയുടെ കുരിശിലെ മരണം ഒരു ബലിയല്ല, മറിച്ച റോമൻ സിവിൽ നിയമങ്ങൾ അനുസരിച്ചുള്ള ഒരു ശിക്ഷാ നടപടി മാത്രമാണെന്നും ഫാ.കൈതക്കോട്ടിൽ പ്രസ്ഥാവിക്കുന്നു. പിൽക്കാലത്ത് "ഹെബ്രായർക്കുള്ള ലേഖനത്തിൻറെ കർത്താവ്" കണ്ടെത്തിയ ഒരു ആശയം മാത്രമാണ് ഈശോ മ്ശീഹയുടെ പൌരോഹിത്യവും പൌരോഹിത്യ ശുശ്രൂഷയും എന്ന് പ്രസ്താവിക്കുന്നതിലൂടെ വിശുദ്ധ ഗ്രന്ഥത്തിൻറെ ദൈവനിവേശിതത്തേയും ആധികാരികതയേയും ഫാ.കൈതക്കോട്ടിൽ ചോദ്യം ചെയ്യുന്നു.

പ്രസ്തുത ലേഖനത്തിലെ ഫാ.ജോയിസ് കൈതക്കോട്ടിലിൻറെ പ്രധാന വാദഗതികൾ ചുവടെ കൊടുക്കുന്നു.

1, സിവിൽ നിയമങ്ങൾ തെറ്റിച്ച ഒരു വ്യക്തിക്ക് ലഭിച്ച അർഹമായ ഒരു ശിക്ഷ മാത്രമാണ് മ്ശീഹയുടെ കുരിശിലെ മരണം. അത് തിരുസഭ പഠിപ്പിക്കുന്നതുപോലെ നിത്യമായ ബലിയോ, അതിൽ മാനവരക്ഷയുടെ മാനങ്ങളോ ഇല്ല. ഹെബ്രായ ലേഖന കർത്താവിൻറെ ഒരു കണ്ടുപിടുത്തം മാത്രമാണ് മ്ശീഹയുടെ പൌരോഹിത്യം.

2, ഒരു രാഷ്ട്രീയ കൊലപാതകം മാത്രമാണ് ഈശോയുടെ കുരിശു മരണം എന്നതിനാൽ തിരുസഭയിൽ ആചാര അനുഷ്ഠാനക്രമങ്ങൾ ആവശ്യമില്ല. അതായത് വിശുദ്ധ കുർബാനയ്ക്കോ മറ്റു കൂദാശകൾക്കോ യാതൊരു അർത്ഥവുമില്ല.

3, ഈശോയെ ഒരു പ്രവാചകൻ മാത്രമായാണ് ആ കാലത്തെ ജനങ്ങൾ കണ്ടിരുന്നത്. അദേഹത്തിൻറെ സമകാലീനർ പോലും ഈശോയെ ഒരു പുരോഹിതനായി കാണുന്നില്ല.

4, ഹെബ്രായർക്കുള്ള ലേഖനം പരിശുദ്ധാത്മ പ്രേരണയാൽ എഴുതപ്പെട്ട ദൈവനിവേശിത ഗ്രന്ഥമല്ല. ലേഖനകർത്താവിൻറെ ധ്യാനടിസ്ഥാനമുള്ള ചിന്തകൾ മാത്രമാണ് ഈ ലേഖനത്തിൽ ഉള്ളത്.

5, അഹറോനിയ ക്രമത്തിലുള്ള പൌരോഹിത്യം മാത്രമാണ് യഥാർത്ഥ പൌരോഹിത്യം.

6, പുരോഹിതർ വേർതിരിക്കപെട്ടവരല്ല. പെസഹായുടെ സംഭവത്തിൻറെ അന്തസത്തയായ ശുശ്രൂഷാ പൌരോഹിത്യത്തെ നിഷേധിക്കുകയും രാജകീയ പൌരോഹിത്യവും ശുശ്രൂഷാ പൌരോഹിത്യവും തമ്മിലുള്ള വേർതിരിവിനെ അവഗണിക്കുകയും ചെയ്തുകൊണ്ട് പുരോഹിതൻ വേർതിരിക്കപെട്ടവനല്ല എന്ന് ഫാ.ജോയിസ് കൈതക്കോട്ടിൽ പ്രസ്ഥാവിക്കുന്നു.

മ്ശീഹയ്ക്ക് ജ്ഞാനികൾ കാഴ്ച്ചവെച്ച പൊന്നും മൂറും കുന്തുരുക്കവും മ്ശീഹയുടെ രാജത്വത്തെയും പ്രവാചകത്വത്തെയും പൌരോഹിത്യത്തെയും ആണ് സൂചിപ്പിക്കുന്നത് എന്നും, പഴയനിയമ കാലം മുതലുള്ള മ്ശീഹ സങ്കൽപ്പത്തിൻറെ അടിസ്ഥാന ശിലകളായ രാജത്വം പൌരോഹിത്യം പ്രവാചകത്വം എന്നിവയുടെ അനാദിയിലേ ഉള്ള പരിപൂർണ്ണത കത്തോലിക്ക സഭയുടെ വിശ്വാസത്തിൻറെ അടിത്തറ ആയിരിക്കെ ഇങ്ങനെയുള്ള പാഷണ്ഡതകൾ എറണാകുളം-അങ്കമാലി അതിരൂപതയുടെ മതബോധന ഡയറക്റ്റർ സ്ഥാനം വഹിക്കുന്ന ഫാ.ജോയിസ് കൈതക്കോട്ടിൽ സത്യദീപം മുഖേന പ്രസ്താവിച്ചതിന് പിന്നിൽ എന്ത് പ്രേരണയാണ് ഉള്ളതെന്ന് അതീവഗൌരവമായി തന്നെ അന്വേഷിക്കേണ്ട വിഷയമാണ്. ഈശോ മ്ശീഹയുടെ പരസ്യജീവിതം, മരണം, ഉത്ഥാനം സ്വർഗ്ഗാരോഹണം എന്നിവയ്ക്ക് സാക്ഷികളായ ശ്ലീഹന്മാരുടെ സാക്ഷ്യങ്ങളാണ് ആ കാലഘട്ടത്തിലെ പൊതുജനത്തിൻറെ സാക്ഷ്യത്തെക്കാൾ മ്ശീഹ വിലകല്പ്പിച്ചിരുന്നത് എന്നതിന് മാർക്കോസ് 8:27-30 തന്നെയാണ് ഏറ്റവും വലിയ ഉദാഹരണം. ഇതുകൂടാതെ മ്ശീഹയുടെ പൌരോഹിത്യ ശുശ്രൂഷയെ സ്പഷ്ടമായി പഠിപ്പിക്കുന്ന വിശുദ്ധ ഗ്രന്ഥ ഭാഗങ്ങളും (മത്താ:26, 28; 1 യോഹ: 1 , 7; യോഹ: 1 , 29; 1 തിമോ: 2 , 5 ) കുരിശിലെ മരണം നിത്യബലിയാണെന്നു പഠിപ്പിക്കുന്ന വചന ഭാഗങ്ങളും (യോഹ: 1 , 29; മത്താ: 20 ,28; യോഹ: 10 ,11; യോഹ: 11 , 52; യോഹ: 10 ,18) ഫാ.കൈതക്കോട്ടിൽ മനപ്പൂർവ്വം വിട്ടുകളഞ്ഞിരിക്കുകയാണ്. മാർ ഫ്രാൻസിസ്കോസ് പാപ്പായുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിലെ ചില ഭാഗങ്ങളെ ദുർവാഖ്യാനം ചെയ്തുകൊണ്ട് തൻറെ ചിന്താഗതി കത്തോലിക്ക സഭയുടേതാണ് എന്ന പ്രതീതി ഉണ്ടാക്കുവാനും ഫാ.കൈതക്കൊട്ടിൽ ശ്രമിക്കുന്നുണ്ട്. പ്രസ്തുത പ്രബോധനത്തിലെ നമ്പർ 57 ൽ സൂചിപ്പിച്ചിരിക്കുന്ന "punctilious" ( അതീവ (അമിത) ജാഗ്രതയോടെ) എന്ന വാക്കിനു "അനുഷ്ഠാനപരമായ ഒരു താൽപര്യം" എന്നൊരു വികലമായ അർത്ഥം നൽകിക്കൊണ്ടാണ് പരിശുദ്ധ കുർബാനയും കൂദാശകളും ഉൾപ്പെടുന്ന സഭയുടെ അനുഷ്ഠാനകർമ്മങ്ങൾക്കെതിരെ ഫാ.ജോയിസ് കൈതക്കോട്ടിൽ വാളോങ്ങുന്നത്. മാർ പൌലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ ദൈവനിവേശിതത്തേയും അദ്ദേഹത്തിനു അപ്പോസ്തോല പ്രമാണിയായ മാർ പത്രോസ് ശ്ലീഹ ഉൾപ്പെടെ നൽകുന്ന ആദരവിനെയും ഫാ.കൈതക്കോട്ടിൽ തിരസ്കരിക്കുന്നു.

അപ്പോ, 13:2; അപ്പോ, 9:15; അപ്പോ, 15: 22, 28, 30, 35 തുടങ്ങി മാർ പൌലോസ് ശ്ലീഹായുടെ ആദിമ സഭയിലെ പ്രാധാന്യത്തെ സ്പഷ്ടമാക്കുന്ന ഭാഗങ്ങളെ ഫാ. കൈതക്കോട്ടിൽ പാടെ തള്ളിക്കളയുന്നു. സുവിശേഷകനായ മാർ ലൂക്കോസ് ആണ് അപ്പോസ്തോല പ്രവർത്തികൾ എഴുതിയത് എന്നും മാർ പത്രോസും മാർ പൌലോസും ഒരുമിച്ച് റോമിൽ സുവിശേഷം പ്രസംഗിച്ചു എന്ന കത്തോലിക്ക സഭയുടെ പരമ്പരാഗത വിശ്വാസവും സത്യദീപം പരിഗണനയ്ക്ക് എടുക്കുന്നില്ല. മാർ പൌലോസ് ശ്ലീഹായുടെ നാമം ഒരിക്കൽ പോലും പ്രസ്തുത ലേഖനത്തിൽ ഫാ.കൈതക്കോട്ടിൽ എഴുതിയിട്ടില്ല എന്ന വസ്തുത ഫാ.കൈതക്കോട്ടിലിനെ നയിക്കുന്നത് നിഗൂഢ ജ്ഞാനവാദ ആശയങ്ങൾ ആണോ എന്ന് സംശയത്തിന് ആക്കം കൂട്ടുന്നു.

കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥം 2110 മുതൽ 2128 വരെ വിശദീകരിച്ചിട്ടുള്ളതും കത്തോലിക്ക സഭയുടെ യുവജന മതബോധന ഗ്രന്ഥം (യൂക്കാറ്റ്) 356 സ്പഷ്ടമായി വിലക്കിയിട്ടുമുള്ള വിവിധ വിശ്വാസവിരുദ്ധ ആശയങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പ്രചരണത്തിലും ആചാരങ്ങളിലും വ്യാപൃതരാണ് എറണാകുളം-അങ്കമാലി അതിരൂപതയിൽ ഇപ്പോൾ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിമത വൈദീകരും സന്യസ്തരും അൽമായരുമെന്നു വ്യക്തമാണ്. സമൂഹമാധ്യമങ്ങളാണ് ഈ കൂട്ടർ ഈ ആശയങ്ങളുടെ പ്രചാരണത്തിനായി പ്രധാനമായും ഉപയോഗിക്കുന്നത്. പരിശുദ്ധ കത്തോലിക്ക സഭ നിരോധിച്ച ഏറ്റവും മ്ലേച്ഛമായ 'ഭാരതപൂജ' എന്ന ക്രിയ ഫാ.ജോയിസ് കൈതക്കോട്ടിൽ അനുഷ്ഠിക്കുന്ന ചിത്രം സോഷ്യൽ മീഡിയയിൽ അദേഹത്തിൻറെ ഫേസ്ബുക്ക് പ്രൊഫൈലിൽ തന്നെ നൽകുകയും അത് പിന്നീട് പ്രചരിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള നിഗൂഢജ്ഞാനവാദ ആശയങ്ങളും നിരീശ്വരവാദ-കമ്യൂണിസ്റ്റ് ആശയങ്ങളും പലപ്പോഴും സത്യദീപത്തിൽ കാണുവാൻ സാധിക്കും. ഫാ.ജോയിസ് കൈതക്കോട്ടിൽ എഴുതിയ പ്രസ്തുത വിവാദ ലേഖനം സത്യദീപത്തിൽ പ്രസിദ്ധീകരിക്കുന്നതിനു മൂന്നു-നാല് ദിവസം മുൻപ് തന്നെ വിമത സംഘ നേതാക്കളിൽ ഒരാളായ 'അന്ന ഷീബി' എന്ന അൽമായ സ്ത്രീ ഒരു ചാനൽ ചർച്ചയിൽ ഇതേ ആശയങ്ങൾ പ്രചരിപ്പിക്കുകയും മ്ശീഹയുടെ പൌരോഹിത്യത്തെ നിഷേധിക്കുകയും ചെയ്തിരുന്നു. സത്യദീപം എന്ന വാരിക വിമത സംഘത്തിൻറെ ആശയങ്ങൾ പ്രചരിപ്പിക്കുവാനുള്ള ഒരു മാധ്യമമാണ് എന്നും ഇവരുടെ വിശ്വാസം കത്തോലിക്ക സഭയ്ക്ക് നിരക്കുന്നതല്ല എന്നതിനും ഉദാഹരണമാണ് ഈ സംഭവം.

**2, സഭാ സംവിധാനങ്ങളെയും സഭാധികാരങ്ങളെയും നിഷേധിച്ച സി.നോയൽ റോസിൻറെ ലേഖനം. ഈശോ മ്ശീഹായെ വെറുമൊരു സാമൂഹിക വിമോചകനായി അവതരിപ്പിച്ച, മാവോയിസ്റ്റ്-കമ്യൂണിസ്റ്റ് ആശയങ്ങളുടെ അതിപ്രസരം.**

ഒക്ടോബർ മാസം പ്രസിദ്ധീകരിച്ച സത്യദീപത്തിലെ സി.നോയൽ റോസിൻറെ ആശയങ്ങൾ ഫാ.ജോയിസ് കൈതകോട്ടിലിൻറെ ലേഖനത്തിലെ വിശ്വാസ വിരുദ്ധ ഘടകങ്ങളെ ഊട്ടിയുറപ്പിച്ചും കുറേക്കൂടി കടന്ന് സഭയുടെ ഹയരാർക്കിയെ തന്നെ ചോദ്യം ചെയ്തുകൊണ്ടുള്ള ലേഖനമായിരുന്നു. സഭയുടെയും രാഷ്ട്രത്തിൻറെയും അധികാരകേന്ദ്രങ്ങളെ നിഷേധിച്ചുകൊണ്ട് ഒരുതരം അരാജകത്വവാദവും കടുത്ത മാവോയിസ്റ്റ്-കമ്യൂണിസ്റ്റ് ആശയങ്ങളുമാണ് നോയൽ റോസ് "പ്രവാചക പാരമ്പര്യത്തിലെ എതിരിടങ്ങൾ" വഴി സത്യദീപം മുന്നോട്ട് വെച്ചത്. സുബോധനയിൽ നടക്കാനിരുന്ന ഒരു സഭാവിരുദ്ധ സെമിനാറിൽ പേപ്പർ അവതരിപ്പിക്കാനിരുന്ന വ്യക്തിയാണ് ലേഖികയായ സി.നോയൽ റോസ്.

ലേഖനത്തിലെ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

(1, ഈശോ ഒരു വിപ്ലവകാരിയായിരുന്നു, അവിടുന്ന് ഒരു സാമൂഹിക വിമോചകൻ മാത്രമായിരുന്നു. ഈശോയെ ദൈവമാക്കിയത് അമിത ആത്മീയതയാണ്. അങ്ങനെയാണ് 'പരലോക ക്രിസ്തു' ഉണ്ടായത്.

(2, ഈശോ എല്ലാ അധികാരങ്ങളും ഇല്ലാതാക്കി. "പ്രവാചകന്മാരിലൂടെ സംസാരിക്കപ്പെട്ട ദൈവഭാഷ സാമൂഹികവും മതപരവും സാമ്പത്തികവുമായ എല്ലാ അധികാരങ്ങളെയും നിഷേധിക്കുന്നു." എന്ന് ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

(3, രാഷ്ട്രീയപരമായും സഭാപരമായും യാതൊരു അധികാരശ്രേണികളും ആവശ്യമില്ല എന്നും അവയെ ഉന്മൂലനം ചെയ്യണമെന്നും ലേഖനത്തിലൂടെ ആവശ്യപ്പെടുന്നു. അപ്രകാരം കത്തോലിക്ക സഭയുടെ ഹയരാർക്കിയെ മുഴുവൻ ഉന്മൂലനം ചെയ്യണം എന്ന ആശയം സി.നോയൽ റോസ് തൻറെ ലേഖനത്തിലൂടെ മുന്നോട്ട് വെയ്ക്കുന്നു.

(3, ഈശോ മ്ശീഹായെ കേവലം ഒരു സാമൂഹിക വിമോചകനും പരിഷ്കർത്താവുമായി മാത്രം ചിത്രീകരിച്ചുകൊണ്ട്, അവിടുത്തെ മനുഷ്യാവതാരത്തിൻറെ രക്ഷാകരമാനം പാടെ തള്ളികളയുകയും, ഈശോ മ്ശീഹയെ ഒരു പ്രവാചകനായി മാത്രം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.

(4, ദത്തെടുക്കൽ വാദം, ആരിയനിസം, അപ്പോളിനാരിസം എന്നീ പാഷണ്ഡതകളുടെ ആശയങ്ങൾ ലേഖനത്തിൽ കാണുവാൻ സാധിക്കും.

**3, സത്യദീപത്തിൽ അടുത്ത കാലങ്ങളായി വന്നിട്ടുള്ള വിശ്വാസ-സഭാ വിരുദ്ധ ലേഖനങ്ങൾ.**

- "നോമ്പിൻറെ ആത്മീയോത്സവം" എന്ന പേരിൽ 2017 ഡിസംബർ മാസം പ്രസിദ്ധീകരിച്ച ലേഖനത്തിൽ ആത്മീയത എന്നത് വെറും വ്യക്തിപരവും മാനസികവുമാണ് എന്നാണ പ്രസ്താവിക്കുന്നത്, മറ്റുള്ള ആർക്കും അതിൽ യാതൊരു പങ്കുമില്ല എന്നാണ ഈ ലേഖനം മുന്നോട്ടു വെയ്ക്കുന്ന ആശയം. പള്ളികളും സന്യാസ പ്രസ്ഥാനങ്ങളും കുർബാനയും കൂദാശകളും ഭക്താനുഷ്ഠാനങ്ങളും നിഷേധിക്കുന്നു.
- "നിർത്തു നിൻറെ അനുഷ്ഠാനാരവങ്ങൾ" എന്ന ലേഖനം പ്രസിദ്ധീകരിച്ചത് 2018 ജനവരി മാസത്തിലാണ്. ബൈബിൾ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അനുഷ്ഠാനങ്ങൾ ആവശ്യമില്ല 'നീതിനിഷ്ഠപാലനം മാത്രമാണ് ആവശ്യം' എന്ന് പഠിപ്പിക്കുന്നു. കുർബാനകളും കൂടാശകളെയും വെറും അനുഷ്ഠാനങ്ങളായി കണ്ടുകൊണ്ടു കത്തോലിക്ക സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെ ഈ ലേഖനത്തിലൂടെ വെല്ലുവിളിക്കുന്നു.
- "സീറോമലബാർ സഭയുടെ പ്രേഷിതാഭിമുഖ്യം" എന്നാ പേരിൽ ഡോ.പോൾ തേനായൻ എഴുതിയ ലേഖനം (ഡിസംബർ 2017), സീറോമലബാർ സഭയുടെ 'സെമിറ്റിക് ആരാധനാക്രമത്തെ' (പൌരസ്ത്യ സുറിയാനി) പൂർണ്ണമായി തള്ളികളയുകയും ഹിന്ദു മതത്തിൻറെ അടിസ്ഥാനത്തിൽ ഒരു ആരാധനാക്രമം നിർമിക്കണം എന്ന് വാദിക്കുകയും ചെയ്യുന്നതാണ്. 1578-ൽ അങ്കമാലിയിലെ നസ്രാണികൾ സുറിയാനി ഭാഷയെയും പൌരസ്ത്യ സുറിയാനി ആരാധനാക്രമത്തെയും കൂടാതെ തങ്ങളുടെ സെമിറ്റിക് സംസ്കാരത്തെയും വ്യക്തമായി പ്രതിപാദിച്ചുകൊണ്ട് മാർപാപ്പയ്ക്ക് കത്തെഴുതുന്നുണ്ട്. ആര്യന്മാരുടെയോ ദ്രാവിഡരുടെയോ ആഗമനത്തിനു മുൻപ് തന്നെ സെമിറ്റിക് സംസ്കാരം ദക്ഷിണേന്ത്യയിൽ ഉണ്ടായിരുന്നു എന്നതിനും അവരുടെ ഭാഷ 'സുറിയാനി' ആണെന്നുമുള്ള വസ്തുതകൾക്ക് സഭയിലും സഭയ്ക്ക് പുറത്തുമുള്ള അനേകം പണ്ഡിതർ തെളിവുകൾ സഹിതം വ്യക്തമാക്കിയിട്ടുണ്ട്. അഭിവന്ദ്യ മാർ അബ്രഹാം മാറ്റം പിതാവിൻറെ "മാർത്തോമ ശ്ലീഹ ഇന്ത്യയിൽ സ്ഥാപിച്ച ആരാധനാക്രമവും അതിൻറെ വളർച്ചയും" എന്ന പ്രബന്ധം ഈ കാര്യത്തിൽ വിശ്വാസികൾക്കും വൈദീകർക്കും മാർഗ്ഗനിദർശനമായ ഒരു അമൂല്യ റഫറൻസ് ആണ്. പ്രസ്തുത ലേഖനം തെളിവുകൾ നിരത്തി ഇത്തരം വിജാതീയവത്ക്കരണ വാദങ്ങളെ

പൂർണ്ണമായും തള്ളികളയുന്നു. ഇതുകൂടാതെ റോമിൽ നിന്നുള്ള മാർഗ്ഗ നിർദേശങ്ങളും കൽപ്പനകളും സീറോമലബാർ സഭയുടെ പരമ്പരാഗതവും പൌരാണികവുമായ പൌരസ്ത്യ സുറിയാനി ആരാധനാക്രമത്തെ വീണ്ടെടുക്കുവാനും പരിപോഷിപ്പിക്കുവാനും നിർദേശിക്കുന്നവയാണ് അതുകൊണ്ട് കത്തോലിക്ക സഭയുടെ പ്രബോധനങ്ങൾക്കും നിലപാടുകൾക്കും വിരുദ്ധമായ ഇങ്ങനെയൊരു വാദഗതി യാതൊരുതരത്തിലും സീറോമലബാർ സഭയിൽ പ്രോത്സാഹിപ്പിക്കുവാൻ പാടില്ല എന്ന് വന്ദ്യ പിതാക്കന്മാരോടു അഭ്യർഥിക്കുന്നു.

- വിമത സംഘത്തിൻറെ നേതാവായ ഫാ.കുരിയാക്കോസ് മുണ്ടാടൻ എഴുതി 2017 ഒക്ടോബർ മാസം പ്രസിദ്ധീകരിച്ച "പരസ്പ്പരം ആദരിക്കുന്നിടത്താണ് ആത്മീയത" എന്ന ലേഖനത്തിൽ കുര്ബാനയ്ക്കോ കൂദാശകൾക്കോ നൊവേന ലുത്തിനിയ മുതലായ ഭക്ത്യഭ്യാസങ്ങൾക്കോ യാതൊരു അർത്ഥവും ഇല്ലെന്നു പരോക്ഷമായി പറഞ്ഞുവെയ്ക്കുന്നു. തിരുസഭയുടെ ആരാധനാക്രമത്തെയും ഭക്തഭ്യാസങ്ങളെകുറിച്ചുമുള്ള ഔദ്യോഗിക പ്രബോധനങ്ങൾക്കെതിരാണ് ഈ വാദഗതികൾ.
- സീറോമലബാർ സഭയുടെ തലവനും പിതാവുമായ മാർ ജോർജ് ആലഞ്ചേരിയെ മനപ്പൂർവ്വം വ്യക്തിഹത്യ ചെയ്യുക എന്ന ഉദ്ദേശത്തോടെ വ്യാജാരോപണങ്ങൾ ഉയർത്തിക്കൊണ്ടു 2018 ജനവരി മാസത്തിൽ, "വരികൾക്കിടയിൽ, സുതാര്യതയും ഫ്രാൻസിസ് മാർപാപ്പയും", "ജൂബിലി നൽകുന്ന രണ്ടു വെളിച്ചങ്ങൾ" എന്നിങ്ങനെ രണ്ടു ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. സത്യദീപത്തിൻറെ സഭാ വിരുദ്ധത അസഹനീയമായപ്പോൾ ഇതിനെതിരെയുള്ള പ്രതിഷേധമെന്നോണം അങ്കമാലി പ്രദേശത്തു ഒത്തുകൂടിയ വിമത യോഗത്തിനു വെളിയിൽ അൽമായ വിശ്വാസികൾ ഒത്തുകൂടി സത്യദീപം പ്രതികൾ പരസ്യമായി കത്തിച്ചത് മാധ്യമങ്ങളിൽ വാർത്തയായിരുന്നു.

ഇപ്രകാരം അൽമായരും സന്യസ്തരും വൈദീകരും അടങ്ങുന്ന വിശ്വാസ സമൂഹത്തിനു വലിയ ഉതപ്പിനു കാരണമാവുകയാണ് സത്യദീപം എന്ന വാരികയും അതിനു പിന്നിൽ പ്രവർത്തിക്കുന്ന, സഭാധികാരം പിടിച്ചെടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതയിലെ വിമതരും.

**വിമതരുടെ പ്രചാരണങ്ങളും ആവശ്യങ്ങളും: ചർച്ച് ആക്ടും, സ്ത്രീ പൌരോഹിത്യവും പിന്നെ ഭാരതപൂജയും.**

വിവിധ ദൃശ്യ മാധ്യമങ്ങളിലും സോഷ്യൽമീഡിയയിലും വലിയ രീതിയിൽ പ്രചാരണം അഴിച്ചുവിടുന്ന വിമത സംഘത്തിൻറെ ലക്ഷ്യം മാർ ആലഞ്ചേരിയോ ഏതെങ്കിലും വ്യക്തികളോ അല്ല എന്നാണു മനസിലാക്കുവാൻ സാധിക്കുന്നത്.

സഭാധികാരങ്ങൾക്കെതിരായ ഒരു നീക്കമാണ് നടത്തുന്നത്. സഭയുടെ ഹയരാർക്കി അഴിച്ചുപണിയണം എന്നും നേതൃത്വം അല്മായരെ ഏൽപ്പിക്കണം എന്നും ഭരണഘടനയ്ക്ക് വിധേയമായ ഒരു സഭയും വിശ്വാസവും ഉണ്ടായാൽ മതിയെന്നുമാണ് വിവിധ പ്ലാറ്റ്ഫോമുകളിൽ ഇവർ പങ്കുവെയ്ക്കുന്ന പ്രധാന ആവശ്യം. 'ചർച്ച് ആക്റ്റ്' വേണമെന്നുള്ള ആവശ്യം ഇവർ പലതവണ ഉന്നയിച്ചുകഴിഞ്ഞു. ചർച്ച് ആക്റ്റ് നടപ്പാക്കിയാൽ അടിസ്ഥാനപരമായി അല്മായർ സഭാ സ്വത്തുക്കൾ കൈകാര്യം ചെയ്യുമെന്നും 'സുതാര്യത' ഉറപ്പാക്കുവാൻ കഴിയുമെന്നും ഇവർ വിശ്വാസികളെ തന്ത്രപൂർവ്വം തെറ്റിധരിപ്പിക്കുന്നു. പുരോഹിതരെ സംബന്ധിച്ച് സർക്കാർ ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുമെന്ന ഇവരുടെ പ്രചാരണം സഭയിലെ പുരോഹിതരെ 'ചർച്ച് ആക്റ്റിനു' അനുകൂലമായി തിരിക്കുവാനുള്ള സാഹചര്യം മുന്നിൽ കണ്ടുള്ളതാണ്. സ്ത്രീ സ്വാതന്ത്ര്യം, വിശ്വാസത്തിലെ ലിബറലിസം എന്നിവ മറയാക്കിക്കൊണ്ട് അടിസ്ഥാനപരമായി ചർച്ച് ആക്റ്റ് നടപ്പാക്കാനുള്ള ശ്രമമാണ് ഇവർ നടത്തുന്നത്. സഭാധികാരികളിൽ നിന്നും തിരുസഭയിൽ നിന്നും സാധാരണ വിശ്വാസികളെ തിരിക്കുക എന്ന ശ്രമങ്ങളിൽ ഈ കൂട്ടർ ഭാഗീകമായെങ്കിലും വിജയിച്ചു എന്നത് ദുഖകരമായ സത്യമാണ്. പൊതുസമൂഹത്തിൽ ജീവിക്കുന്ന അൽമായരെന്ന നിലയിൽ ഈ കാര്യങ്ങൾ ഞങ്ങൾക്ക് ബോധ്യമുള്ളതാണ്.

എന്നാൽ ചർച്ച് ആക്റ്റ് എന്നത് അടിസ്ഥാനപരമായി സഭയുടെ രാഷ്ട്രീയവത്ക്കരണം ആണെന്ന് മനസിലാക്കുവാൻ സാധിക്കും. ഓരോ പള്ളിയും രാഷ്ട്രീയ കക്ഷികളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തി അധികാരികളെ നിശ്ചയിക്കുന്ന സാഹചര്യമുണ്ടാകും. തിരുസഭയുടെ വിശ്വാസങ്ങൾക്ക് തികച്ചും എതിരായ കാര്യങ്ങൾ വിശ്വസിക്കുന്നവരും നിരീശ്വരവാദികളും സഭയെ നയിക്കും എന്നൊരു ദുരവസ്ഥ ഉണ്ടാകും!. ഭാരതപൂജ പോലെയുള്ള നികൃഷ്ട ആചാരങ്ങൾ നടപ്പിലാക്കുവാൻ കോടതിയെ സമീപിക്കുവാനും സാഹചര്യമുണ്ടാകും. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശബരിമല പ്രശ്നം ഒരു ഉദാഹരണമാണ്. സ്ത്രീപൌരോഹിത്യം എന്ന ആവശ്യവും, സ്വവർഗ്ഗാനുരാഗ വിവാഹം കൂദാശയായി പരിഗണിക്കുവാനുള്ള ആവശ്യങ്ങളും ഇവർ ഉന്നയിക്കുന്നുണ്ട്. സഭയ്ക്ക് വെളിയിൽ പൊതു സമൂഹത്തിൽ ഇത്തരം മ്ലേഛതകൾക്ക് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. ലത്തീൻ സഭയുടെ പെസഹാ തിരുകർമ്മങ്ങളിൽ നിന്നും സ്വീകരിച്ച നമ്മളുടെ ചില പള്ളികൾ അനുഷ്ടിക്കുന്ന കാലുകഴുകൾ ശുശ്രൂഷയിൽ, സ്ത്രീകളുടെ കാലുകളും പുരോഹിതർ കഴുകണമെന്നുള്ള ആവശ്യം ശക്തമായി ഉന്നയിക്കുന്നതും ഈ കൂട്ടർ തന്നെയാണ് എന്ന് വ്യക്തമായി മനസിലാക്കാം. കുമ്പസാരം എന്ന കൂദാശ നിർത്തലാക്കുക, അല്ലങ്കിൽ സ്ത്രീകൾക്ക് പൌരോഹിത്യം നൽകി കുമ്പസാരം കേൾക്കാൻ അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഇവർ ഹൈക്കോടതിക്ക് മുൻപിൽ നടത്തിയ സമരത്തിൽ ഉയർത്തിയിരുന്നു. പ്രസ്തുത സമരത്തിൻറെ കൺവീനർ ഫാ.അഗസ്റ്റിൻ വട്ടോളി ആയിരുന്നു. നിലവിൽ കുർബാന വിതരണം പല പള്ളികളിലും സന്യസ്തർ

നടത്തുന്നതിനാൽ, ഇത്തരം വാദഗതികൾ ഒരുപക്ഷെ സ്ത്രീപൌരോഹിത്യം നടപ്പാക്കണം എന്ന ശക്തമായ ആവശ്യങ്ങളിലേക്ക് പോകാൻ സാധ്യതയുള്ളതാണ്.

**കാനോൻ നിയമങ്ങളെ ദുർവ്യാഖ്യാനിച്ചു പ്രചരിപ്പിക്കുന്ന മാർ സെബാസ്റ്റ്യൻ എടയന്ത്രത്തും ഫാ.ജോയിസ് കൈതക്കോട്ടിലും.**

നിർഭാഗ്യവശാൽ സീറോമലബാർ സഭയുടെ സിനഡ് തീരുമാനങ്ങൾക്കും റോമിൽ നിന്നുള്ള നിർദേശങ്ങൾക്കും നേർവിപരീതമായി പരിശുദ്ധ കുർബാന അർപ്പിക്കുന്ന രീതിയാണ് എറണാകുളം-അങ്കമാലി രൂപതയിൽ ഉള്ളത്. സാർവത്രിക സഭയിൽ 1970കളിൽ മാത്രം ആരംഭിച്ച ജനാഭിമുഖം എന്ന രീതി അനുഷ്ഠിക്കുവാൻ പല കാരണങ്ങളും ചില വ്യക്തികൾ കണ്ടെത്തിയിട്ടുണ്ട്. വാസ്തവത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന വിമതസംഘത്തിലെ ആളുകളാണ് സീറോമലബാർ സഭയിലെ ലിറ്റർജിയെ സംബന്ധിക്കുന്ന വിവാദങ്ങൾക്ക് പതിറ്റാണ്ടുകളായി കാരണം. മാർ തോമാ സ്ലീവ എന്ന് പൊതുവേ അറിയപ്പെടുന്ന മൈലാപ്പൂർ സ്ലീവാ ശൈലിയിലുള്ള സ്ലീവാകൾക്ക് എതിരെയുള്ള ആക്രോശങ്ങൾക്കും യാതൊരു അടിസ്ഥാനവുമില്ല എന്ന് ഏതൊരു എറണാകുളം-അങ്കമാലി വിശ്വാസിക്കും അറിയാം. സുറിയാനി പാരംബര്യംകൊണ്ടും പൌരാണിക പള്ളികളുടെ എണ്ണംകൊണ്ടും ഈ അതിരൂപത സമ്പന്നമാണ്. ആലങ്ങാട് സ്ലീവായും കോട്ടയ്ക്കകം സ്ലീവായും ഒരു എറണാകുളം-അങ്കമാലി അതിരൂപതാംഗത്തിനും നിഷേധിക്കുവാൻ കഴിയാത്ത അഭിമാനാർഹമായ അഭ്ഗുര പാരമ്പര്യം ആണെന്നിരിക്കെ ലിറ്റർജിയെയും സുറിയാനി പാരമ്പര്യത്തെയും കുറിച്ചുള്ള വിവാദങ്ങൾ ഏതോ ചില തത്പ്പരകക്ഷികളുടെ മാത്രം സൃഷ്ടിയാണ് എന്ന് വ്യക്തമാണ്.

2018 നവംവർ മാസം ആദ്യവാരം മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, അതിരൂപതയുടെ മതബോധന ഡയറക്റ്റർ ഫാ.ജോയിസ് കൈതക്കോട്ടിൽ എന്നിവർ യുവജനങ്ങളോട് സംസാരിക്കുന്നതിനിടയിൽ പൌരസ്ത്യ കത്തോലിക്ക കാനോൻ സംഹിതയിലെ ചില ഭാഗങ്ങളെ മനപ്പൂർവ്വം ദുർവാഖ്യാനം ചെയ്ത് അവതരിപ്പിക്കുകയുണ്ടായി. കത്തോലിക്ക സഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് എതിരായി പ്രവർത്തിക്കുവാനായി കാനോൻ നിയമങ്ങളെ ദുർവാഖ്യാനം ചെയ്തുകൊണ്ട് ഒരു തെറ്റായ സന്ദേശം നൽകുക എന്ന ഗുരുതര പ്രവർത്തിയാണ് ഇരുവരുടെയും ഭാഗത്തുനിന്നും ഉണ്ടായത്.

C.C.E.O Canons 1538 -1 ആണ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ദുർവാഖ്യാനം ചെയ്ത് പ്രസംഗിച്ചത്. “അനിശ്ചിതമായി തിരുസഭയുടെ ഒരു നടപടിക്ക് അല്ലങ്കിൽ നിയമത്തിന് രൂപതാ മെത്രാന്, രൂപത മുഴുവനിലുമായി അനിശ്ചിത കാലത്തേയ്ക്ക് ഒഴിവു നൽകാം” എന്നാണു മാർ എടയന്ത്രത്തിൻറെ ഭാഷ്യം. ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു പ്രത്യേക സംഭവത്തിനു മാത്രം ഒഴിവു നൽകാം എന്നതാണ് പ്രസ്തുത കാനോൻ നിയമത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ മാർ എടയന്ത്രത്തിൻറെ വാദഗതി

വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. കാനോൻ 1536ൽ 'ഒഴിവ്' എന്നതിനെ വ്യക്തമായി വ്യാഖ്യാനിച്ചിട്ടുണ്ട് എന്നിരിക്കയാണ് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുകയും കത്തോലിക്ക സഭയുടെ നിലപാടുകളെ വെല്ലുവിളിക്കുകയും ചെയ്യുന്ന ഈ ദുർവാഖ്യാനം മാർ എടയന്ത്രത്ത് മെത്രാൻ പ്രചരിപ്പിക്കുന്നത്. മുൻപ് ഭൂമിവിവാദമെന്ന പേരിൽ ഒട്ടനവധി കാനോനുകൾ പരസ്യമായിത്തന്നെ ലംഘിച്ചിട്ടുള്ള വ്യക്തിയാണ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്. വിശ്വാസികൾക്കു ഉതപ്പിനു കാരണമാകുന്ന ഇത്തരം മേൽപട്ടക്കാരെ സഭയ്ക്ക് ആവശ്യമുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

**സമരപന്തലിലെ സഭാവിരുദ്ധതയും മാവോയിസ്റ്റ്-കമ്യൂണിസ്റ്റ് ആശയങ്ങളും**

വിമത വിഭാഗത്തിനു മാവോയിസ്റ്റ് ബന്ധങ്ങൾ ഉണ്ട് എന്ന റിപ്പോർട്ടുകൾ പലതവണ ഓൺലൈൻ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഇവയുടെ ആധികാരികതയെ ചോദ്യം ചെയ്യാമെങ്കിലും പിന്നീട് സത്യദീപത്തിൽ വന്ന ലേഖനങ്ങളും ചാനലുകളിലും സോഷ്യൽ മീഡിയയിലും ഇവർ നടത്തിയ വാദങ്ങളും ഈ റിപ്പോർട്ടുകൾ ശരിവെയ്ക്കുവാൻ പാകത്തിനുള്ളതാണ്. ജലന്ദർ ലത്തീൻ രൂപതയുടെ അധ്യക്ഷനായ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ സംബന്ധിച്ചുള്ള ആരോപണവും വിവാദങ്ങളും, അതുമായി യാതൊരു ബന്ധവുമില്ലാത്ത സീറോമലബാർ സഭയ്ക്കെതിരെ ഉപയോഗിക്കുവാൻ വിമത സംഘം ശ്രമിച്ചിരുന്നു. ഫാ.പോൾ തേലെക്കാടനും ഫാ.അഗസ്റ്റിൻ വട്ടോളിയും മറ്റു ചില വൈദീകരും അൽമായരും ഹൈക്കോടതിക്ക് മുൻപിൽ സമരപ്പന്തലിൽ എത്തുകയും സമരത്തിനു അകത്തുനിന്നും പുറത്തുനിന്നും ശക്തമായ പിന്തുണ നൽകുകയും ചെയ്തു. പ്രസ്തുത സമരത്തിൻറെ കൺവീനർ ഫാ.അഗസ്റ്റിൻ വട്ടോളി ആയിരുന്നു.

കേരളത്തിലെ നിരീശ്വരവാദികളുടെ പ്രമുഖ സംഘടനയായ "Kerala Freethinkers Forum" സജീവ പ്രവർത്തകനാണ് ഫാ.വട്ടോളി. ഇവർ സംഘടിപ്പിച്ച സമ്മേളനത്തിൽ സഭയ്ക്കും സഭയുടെ വിശ്വാസങ്ങൾക്കും സന്യാസ ജീവതത്തിന്റെ അന്തസത്തയ്ക്കും എതിരായ പരാമർശങ്ങൾ ഫാ.വട്ടോളി നടത്തുകയുണ്ടായി.

ഫാ.വട്ടോളിയുടെ വാദങ്ങളും പരാമർശങ്ങളും അവയുടെ ഫലങ്ങളും, അദേഹത്തിൻറെ മറ്റു ചില പ്രവർത്തനങ്ങളും ചുവടെ സംഗ്രഹിക്കുന്നു.

- കേരള നിരീശ്വരവാദ സംഘടനയായ 'കേരള ഫ്രീതിങ്കേഴ്സ് ഫോറം' സംഘടിപ്പിച്ച സമ്മേളനത്തിൻറെ മുഖ്യ പ്രസംഗകനായിരുന്നു ഫാ.വട്ടോളി.
- ബൈബിൾ, വിശ്വാസങ്ങൾ എന്നിവ ഫെമിനിസത്തിൻറെ അടിസ്ഥാനത്തിൽ പുനർവിചിന്തനത്തിന് ഇടയാക്കണം എന്ന വാദഗതി.

- കന്യാസ്ത്രീകൾ എന്ന് പൊതുസമൂഹം വിളിക്കുന്നവർ സന്യസ്തർ ആണെന്നും അവരുടെ സ്വന്തം ഇഷ്ടമനുസരിച്ച് ആശ്രമങ്ങളിൽ ചേർന്ന് സന്യാസം അനുഷ്ഠിക്കുന്നവർ ആണെന്നുമുള്ള സത്യം മറച്ചുവെച്ചുകൊണ്ട്, കന്യാസ്ത്രീകൾ മറ്റേതോ വിഭാഗമാണ് എന്ന ആശയം പൊതുസമൂഹത്തിൽ പ്രചരിപ്പിച്ചു.
- നമ്മുടെ കുടുംബങ്ങളിലെ സഹോദരിമാരും മക്കളും തന്നെയാണ് സന്യാസിനികൾ എന്നതും സന്യസ്ത നിഷ്ഠകൾ അവർക്കുണ്ട് എന്ന വസ്തുതയും മറച്ചുവെച്ചുകൊണ്ട് കന്യാസ്ത്രീകൾ ലൈംഗീക അടിമകൾ ആണെന്ന് ഉള്ള ധ്വനി ഉളവാക്കുന്ന ഫാ.വട്ടോളിയുടെ പ്രസംഗങ്ങൾ.
- സമര സമിതി കൺവീനർ എന്ന നിലയിൽ കുമ്പസാരവും മറ്റു കൂദാശകളും നിർത്തലാക്കണം എന്ന ആവശ്യം.
- സ്ത്രീ പൌരോഹിത്യം നടപ്പാക്കുക എന്ന ആവശ്യം.
- കമ്യൂണിസ്റ്റ് പ്രത്യേയശാസ്ത്രങ്ങളുടെ പ്രചാരണം.
- മറ്റു മതങ്ങളുടെ തികച്ചും വിശ്വാസപരമായ കാര്യങ്ങൾ വിമർശിച്ചുകൊണ്ട് മതസ്പർദ്ധ ഉണ്ടാക്കുവാനുള്ള ശ്രമം.
- സഭയുടെ ഹയരാർക്കിയും വിശ്വാസങ്ങളും, കോടതിയുടെയും സർക്കാരിൻറെയും നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നും ഭരണഘടനയ്ക്ക് അനുസരിച്ച് അത് ചിട്ടപ്പെടുത്തണം എന്നുമുള്ള പ്രസ്താവന.
- തൻറെ ആശയങ്ങൾ പരിശുദ്ധാത്മ പ്രവർത്തനമാണ് എന്നുള്ള പ്രചാരണവും സഭയുടെ വിശ്വാസ ആചാരാനുഷ്ഠാനങ്ങളിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉണ്ടെന്നുമുള്ള പ്രസ്താവനയും.

<u>ഈ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഫാ.അഗസ്റ്റിൻ വട്ടോളി യഥാർത്ഥത്തിൽ ദൈവവിശ്വാസിയാണോ എന്നുതന്നെ സംശയിക്കേണ്ട സാഹചര്യമാണ് ഉള്ളത്. ഇദ്ദേഹത്തിന്റെ പ്രവർത്തികൾ മൂലം സന്യസ്തരും അൽമായരും ഒരുപോലെ പൊതുസമൂഹത്തിൽ നിന്നും അധിക്ഷേപങ്ങൾ ഏറ്റുവാങ്ങുകയും നിന്ദാപാത്രമാവുകയും ചെയ്യുന്നു. സന്യസ്തർ ഉള്ള കുടുംബങ്ങളെ നിന്ദയോടെ പൊതുസമൂഹം വീക്ഷിക്കുന്ന ഒരവസ്ഥ സംജാതമായിട്ടുണ്ട് എന്നുള്ളതുകൂടാതെ സത്യസന്ധരും വിശുദ്ധ ജീവിതം നയിക്കുന്നവരുമായ അനേകം വന്ദ്യ വൈദീകവിദ്യാർഥികൾക്കും മദ്ബഹ ശുശ്രൂഷികൾക്കും ശെമ്മാശൻമാർക്കും പുരോഹിതർക്കും മെത്രാന്മാർക്കും വലിയ മനോവ്യഥയാണ് ഫാ.വട്ടോളി സമ്മാനിച്ചത്.</u>

**ആവശ്യമായ നടപടികൾ**

വിമത വിഭാഗങ്ങളുടെ ലക്ഷ്യം ഏതെങ്കിലും വ്യക്തിയല്ല എന്നത് സമീപകാല സംഭവങ്ങളിൽ നിന്നും സുവ്യക്തമാണ്. മാർ ആലഞ്ചേരി ശ്രേഷ്ഠമെത്രാപോലീത്തയെ ലക്ഷ്യംവെച്ച വിമത വിഭാഗം മെത്രാന്മാരുടെ സിനഡിനെ പലതരത്തിലും

സമ്മർദ്ദത്തിലാക്കുവാനും ശ്രമിച്ചിരുന്നു. ഈ സമ്മർദ്ദതന്ത്രം ഇനിയും തുടരുമെന്ന് വ്യക്തമാണ്. മെത്രാന്മാരും അനുബന്ധ ഹയരാർക്കിയും മാറ്റണമെന്നും സഭയുടെ വിശ്വാസ സത്യങ്ങളും ആചാര അനുഷ്ഠാനങ്ങളും തെറ്റാണ് എന്നുമാണ് അടിസ്ഥാനപരമായി ഇവരുടെ വാദഗതികൾ. ആദ്യം മാർ ആലഞ്ചേരി പിതാവിനെ ലക്ഷ്യം വെച്ചവർ രൂപതയുടെ ഭരണത്തിനായി അഡ്മിനിസ്റ്റേറ്ററെ നിയമിച്ചതിന് ശേഷം അദ്ദേഹത്തിന് എതിരായാണ് ഇപ്പോൾ കരുക്കൾ നീക്കുന്നത്. അതായത്, മാർ ആലഞ്ചേരി എന്ന വ്യക്തിയോ എറണാകുളം-അങ്കമാലി പ്രാദേശികവാദമോ അല്ല വിവാദങ്ങൾക്ക് പിന്നിലെന്ന് വ്യക്തം!. തിരുസഭതന്നെയാണ് ഇവരുടെ ലക്ഷ്യം. സമൂഹമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും സത്യദീപം പോലെയുള്ള വാരികകളിലും ഇവർ പ്രചരിപ്പിക്കുന്നത് അടിസ്ഥാനപരമായി വിമോചന ദൈവശാസ്ത്രമെന്ന പേരിലുള്ള വികലമായ ആശയങ്ങൾ, അനാർക്കിസം, കമ്യൂണിസ്റ്റ്-മാവോയിസ്റ്റ് ആശയങ്ങൾ, നിഗൂഢ ജ്ഞാനവാദം എന്നിവയാണ്. വിശ്വാസികളെ സഭയിൽ നിന്നും തിരിക്കുവാനും സഭാനേതൃത്വത്തിനെതിരെയും തിരുസഭയുടെ പൌരോഹിത്യത്തിനെതിരെയും നിലപാടുകൾ എടുക്കുവാനും പ്രേരിപ്പിക്കുകയാണ് സമൂഹമാധ്യമങ്ങളിൽ വ്യാപകമായി ഇവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ആദിമ മാതാപിതാക്കളെ വഴിതെറ്റിക്കുവാൻ പറുദീസ്സയിൽ സർപ്പം കയറിയതുപോലെ ഒരു അവസ്ഥയാണ് സീറോമലബാർ സഭയിൽ ഇപ്പോൾ സംജാതമായിരിക്കുന്നത്. ഇതിനെതിരെ സമ്മർദ്ദങ്ങൾക്ക് അടിമപ്പെടാതെ കാനോൻ നിയമം അനുശാസിക്കുന്ന യുക്തവും ശക്തവുമായ പരമാവധി ശിക്ഷ നൽകണം എന്ന് അപേക്ഷിക്കുന്നു.

മ്ശീഹായുടെ മണവാട്ടിയും നമ്മുടെ മാതാവുമാകുന്ന തിരുസഭയെ തെരുവിലേക്ക് വലിച്ചിഴച്ചുകൊണ്ടു അവഹേളിതയാക്കുന്നത് കണ്ടുനിൽക്കുവാൻമാത്രം വിധിക്കപ്പെട്ട നിസഹായരായ ഞങ്ങൾ അല്മായർ സീറോമലബാർ സഭയുടെ അഭിവന്ദ്യ പിതാക്കന്മാരോടു അഭ്യർഥിക്കുന്നതെന്തെന്നാൽ, കത്തോലിക്ക സഭയുടെ ഔദ്യോഗിക പഠനങ്ങളും അടിസ്ഥാന നിയമങ്ങളും നിഷേധിക്കുകയും അവയെ സംശയത്തിൻറെ നിഴലിലാക്കുകയും ചെയ്തതിനും (CCEO 1436-1), സഭയുടെ തലവനും പിതാവുമായ മാർ ആലഞ്ചേരിയേയും മറ്റു മേലധികാരികളെയും കുർബാനകളിലും യാമനമസ്കാരങ്ങളിലും അനുസ്മരിക്കാതിരിക്കുകയും ചെയ്തതിനും (CCEO 1438) സഭാധ്യക്ഷനെതിരെ വിദ്വേഷപ്രചാരണവും അപവാദ പ്രചരണവും നടത്തിയതിൻറെ പേരിലും (CCEO 1447-1, 1454) തെറ്റായ ആരോപണങ്ങൾ സഭക്കും സഭാതലവനും മറ്റു മെത്രാന്മാർക്കും വൈദീകർക്കും എതിരെ ഉന്നയിച്ചതിനാലും (CCEO 1452) ഹൃദ്രോഗ ചീത്സക്ക് ശേഷം വിശ്രമിച്ചിരുന്ന സഭാ തലവനെ സംഘം ചേർന്ന് ഭീഷണിപ്പെടുത്തുകയും തിരുപിറവി ദിനത്തിലെ കുർബാനയും ശുശ്രൂഷകളും തിരുപ്പട്ട ശുശ്രൂഷകളും മുടക്കുകയും ചെയ്തതിനും (CCEO 1445-1) മറ്റു വിധ്വംസകപ്രവർത്തനങ്ങൾക്കും കാനോൻ നിയമം

അനുശാസിക്കുന്ന 'വലിയ മഹറോൻ' (Major Excommunication) ശിക്ഷ തന്നെ നൽകണമെന്നാണ്.

സീറോമലബാർ സഭ ക്രൈസ്തവ സമൂഹത്തിലും കേരളീയ സമൂഹത്തിലും എന്നുകൊണ്ടും ഉത്തമ മാതൃകയായി പരിലസിച്ചിരുന്ന ഒരു സഭയായിരുന്നു. എന്നാൽ ഇവരുടെ ചെയ്തികൾ മൂലം സഭ പൊതു സമൂഹമദ്ധ്യത്തിൽ സഭയുടെ സ്ഥാനം പരിഹാസങ്ങൾക്കു വിധേയമാവുകയും അൽമായരും വൈദീകരും സമൂഹത്തിൽ അധിക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. അന്യമതസ്ഥരും അകത്തോലിക്ക വിശ്വാസികളും സഭയെ പരിഹസിക്കുന്നത് ദയനീയമായി നോക്കിനിൽക്കേണ്ട ദാരുണാവസ്ഥയാണ് ഇപ്പോഴുള്ളത്. നമ്മുടെ സഹോദരികളും അമ്മമാരുമായ വന്ദ്യ സന്യാസിനികൾ പൊതുസമൂഹത്തിൽ പരിഹാസപാത്രങ്ങളാകുകയാണ്. വന്ദ്യ സഹോദരിമാർക്കും അമ്മമാർക്കും സംജാതമായ ഈ ദാരുണാവസ്ഥ, നിരീശ്വരവാദികളുടെ സെമിനാറിൽ പ്രസംഗിക്കുമ്പോൾ ഫാ.അഗസ്റ്റിൻ വട്ടോളി ക്രൂരമായി പരിഹസിച്ചുകൊണ്ട് പരാമർശിക്കുകയും ചെയ്തു, ഇതിൽ നിന്നും വിമത വിഭാഗത്തെ നയിക്കുന്ന ആത്മാവ് എന്താണെന്ന് മനസിലാക്കുവാൻ സാധിക്കും. പ്രസ്തുത പ്രസംഗത്തിൻറെ വീഡിയോ സമൂഹമാധ്യമങ്ങളിൽ ഇപ്പോഴും സജീവമായി പ്രചരിച്ചുകൊണ്ടിരിക്കുന്നു. നിരീശ്വരവാദികളുടെയും സഭാ വിരുദ്ധരുടേയും കൈയ്യടിക്കുവേണ്ടി തിരുസഭയെ അപമാനിക്കുകയും സഭാ വിശ്വാസത്തെ തള്ളിപറയുകയും ചെയ്യുന്ന വൈദീകരെ നമ്മുടെ സഭയ്ക്ക് ആവശ്യമുണ്ടോ? സന്യസ്ഥർക്ക് ഉണ്ടായ മനോവ്യഥകളെ പോലും സമൂഹമദ്ധ്യത്തിൽ പരസ്യമായി പരിഹസിക്കത്തക്കവിധം ഇവരുടെ മനോവ്യാപാരം എന്താണെന്ന് ആശ്ചര്യപ്പെടുന്നു!. സഭയിലെ വളർന്നു വരുന്ന യുവജനങ്ങൾക്കും യുവ വൈദീകർക്കും സന്യസ്തർക്കും ദുർമാതൃകയായി മാറിയിരിക്കുകയാണ് ഈ വിമതവിഭാഗം. മാതാവായ തിരുസഭയെ തെരുവിലേക്ക് വലിച്ചിഴച്ച് പൊതുജന ത്തിൽ അവഹേളിതയാക്കുന്ന വിശ്വാസദൌർബല്യം ബാധിച്ച ഇത്തരം മെത്രാന്മാർക്കും പുരോഹിതർക്കും സന്യസ്തർക്കും അല്മായർക്കും എതിരായി യാതൊരു സമ്മർദത്തിനും വഴങ്ങാതെ അഭിവന്ദ്യ പിതാക്കന്മാർ കർശന നടപടിയെടുക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. വലിയ മഹറോനിൽ കുറയാത്ത നടപടി സ്വീകരിച്ചാൽ അത് എല്ലാ കാലത്തും തിരുസഭയുടെ വിശ്വാസത്തിനു ഏറ്റവും ശ്രേയസ്കരമായ സംഗതിയായിരിക്കുമെന്നു വന്ദ്യ പിതാക്കന്മാരെ വിനീതപുരസരം അറിയിക്കുന്നു.

വിശ്വാസത്തിൽ സ്നേഹിതരും സഹോദരരുമായിരിക്കുന്ന അങ്കമാലിയിലെ സീറോമലബാർ വിശ്വാസികൾ.

(Copies are sent to all bishops of Syromalabar Synod)

അങ്കമാലി

തീയതി: 20/12/2018

പേര്- ANIN PAUL 9539549754 ഒപ്പ്

പേര്- JOY MOONJELY (Mob 9446035814) ഒപ്പ്

SHIJU THEKKEDATH 9744839344